# അക്കാദമിക് മാസ്റ്റർപ്ലാൻ



## ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തൃശ്ശൂർ



# അക്കാദമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, തൃശ്ശൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | തൃശ്ശൂർ ഈസ്റ്റ് |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| വർഷം | : | 2025-26 |
| സ്ഥാപിതം | : | 1836 |

## ഉള്ളടക്കം


1. വിദ്യാലയത്തിന്റെ നാൾവഴികൾ
2. അടിസ്ഥാന വിവരങ്ങൾ
3. പൊതുലക്ഷ്യങ്ങൾ
4. അക്കാദമിക് പ്രവർത്തനങ്ങൾ
5. മാതൃഭാഷാ പഠനം
6. ശാസ്ത്ര പഠനം
7. സാമൂഹ്യ ശാസ്ത്രപഠനം
8. ഹിന്ദി പഠനം
9. ഇംഗ്ലീഷ് പഠനം
10. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
11. കായിക പഠനം
12. കലാപഠനം
13. വിവരസാങ്കേതിക വിദ്യ

**ആമുഖം**

പൊതു വിദ്യാഭ്യാസമേഖലയിൽ വിദ്യാഭ്യാസം നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. അതിന്റെ ഭാഗ മായി ഓരോ വിദ്യാലയവും അറിവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനോടൊപ്പം പാഠ്യ-പാഠ്യേതര രംഗത്ത് വലിയ നേട്ടങ്ങളു ാകാൻ ഈ വിദ്യാലയത്തിന് സാധിച്ചു. ഓരോ കുട്ടിയുടേയും അറിവും കഴിവും അതത് പ്രായഘട്ടത്തിന് അനുസരിച്ച് ഉയർന്ന തലങ്ങളിലേക്ക് എത്തിച്ചേരണം. ഈ ലക്ഷ്യങ്ങൾ മനസ്സിൽ ഉൾക്കൊ ് തയ്യാറാക്കിയ മാർഗ്ഗരേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ.

## സ്കൂൾ ചരിത്രാവലോകനം

ഇന്നത്തെ തൃശ്ശൂർ മുൻസിപ്പൽ ഓഫീസ് കെട്ടിടം ഇരിക്കുന്ന സ്ഥലവും പരിസരങ്ങളും പണ്ട് ഒരു വണ്ടിപ്പേട്ട ആയിരുന്നു. അതിന് തെക്ക് ഭാഗത്ത് ഒട്ടും മനോഹരമല്ലാത്ത ഒരു ഷെഡ്ഡ് സ്ഥിതി ചെയ്തിരുന്നു. സർക്കാർ വകയായ ആ ഷെഡ്ഡിൽ 1836-ൽ അതായത് 188 കൊല്ലം മുമ്പ് വിദ്യാരംഭ ദിവസം പ്രഭാതത്തിൽ ഒരു ഭദ്രദീപം ജ്വലിച്ചു. ഇന്നത്തെ രീതിയിലുള്ള ഷർട്ട് ധരിക്കാതെ, ഒരു മുണ്ട് മാത്രം ഉടുത്ത്, തോളിൽ ഒരു തോർത്ത് മുഴുമായി രണ്ട് 'ആശാന്മാർ' ആശാലയിലേക്ക് നേരത്തെ തന്നെ എത്തിച്ചേർന്നിരുന്നു. വിളക്കിൽ എണ്ണ ഒഴിച്ച് തെളിയിച്ചു കൊണ്ടും കുട്ടികളുടെ വരവ് പ്രതീക്ഷിച്ച് ഇടയ്ക്കിടെ പുറത്തേക്ക് നോക്കിക്കൊണ്ടും ഈ ഗുരുനാഥന്മാർ അല്പനേരം അവിടെ കഴിച്ചുകൂട്ടി. അവർക്ക് ഇരിക്കാനായി ഏതാനും ഓല തടുക്കുകളും തയ്യാറാക്കിയിരുന്നു. ഏറെ താമസിയാതെ പല പ്രാവശ്യമായി, 12 ആൺകുട്ടികളും ഏഴു പെൺകുട്ടികളും ഒറ്റമുണ്ടുടുത്ത് ആ വണ്ടിപ്പേട്ടയിലെ വിദ്യാ ശാലയിൽ എത്തിച്ചേർന്നു. ഗുരുനാഥന്മാർ പീഠങ്ങളിൽ ഇരുന്നു. കുട്ടികളെ ഓല തടുക്കിൽ ഇരുത്തി. മുറക്ക് അക്ഷരാഭ്യാസവും ആരംഭിച്ചു. ഇങ്ങനെയാണ് തൃശ്ശൂരിൽ ആധുനിക വിദ്യാഭ്യാസത്തിന്റെ ഹരിശ്രീ കുറിച്ചത്. 1989ൽ മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ നൂറ്റി അൻപതാം ശതാബ്ദി ആഘോഷവേളയുടെ ഭാഗമായി പുറത്തിറക്കിയ സോവനീറിൽ മുൻ ഹെഡ്മാസ്റ്റർമാരിൽ ഒരാളായ ശ്രീ ഒ.കെ. കെ. പണിക്കർ എഴുതിയ സ്കൂൾ ചരിത്രത്തിലെ ഒരു ഭാഗമാണ് ഇത്. സർക്കാർ അനുമതിയോടുകൂടി തുടങ്ങിയ വിദ്യാലയത്തിൽ കുട്ടികളെ ചേർക്കാൻ രക്ഷാകർത്താക്കൾ വെമ്പൽ കൊണ്ടു. കൂടുതൽ കുട്ടികളെ ഉൾക്കൊള്ളിക്കുന്നതിനായി തൃശ്ശൂർ കോവിലകത്തിന് സമീപമുണ്ടായിരുന്ന സത്രത്തിലേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കാൻ ഉത്തരവായി. തുടർന്ന് 1838-ൽ കൂടുതൽ വിപുലമായ സൗകര്യങ്ങളോടെ ഇന്നത്തെ സ്ഥലത്ത് പുതിയ കെട്ടിടം പണികഴിപ്പിച്ച് സ്കൂൾ പ്രവർത്തനം തുടർന്നു. തൃശൂർ ജില്ലക്കകത്തും പുറത്തും മാത്രമല്ല ഇന്ത്യയിലും വിദേശങ്ങളിലും പ്രഗത്ഭരായ ഒട്ടനവധി പ്രതിഭകളെ സൃഷ്ടിച്ച വിദ്യാലയമാണിത്. ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ,നിരന്തരവും സമഗ്രവുമായ മൂല്യനിർണയങ്ങൾ, ഗൃഹസന്ദർശനങ്ങൾ, മെന്ററിങ്,ക്ലബ് പ്രവർത്തനങ്ങൾ, മേളകൾ, പഠനയാത്രകൾ, മോഡൽ ഇൻക്ലൂസീവ് സ്കൂൾ പ്രവർത്തനങ്ങളുടെ ആസൂത്രണം, സ്കൂൾ സോഷ്യൽ സർവീസ് സ്കീം പ്രവർത്തനങ്ങൾ തുടങ്ങി അക്കാദമികപുരോഗതി മുൻ നിർത്തിയുള്ള പ്രവർത്തനങ്ങളും ഭൗതികപുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തങ്ങളും സ്കൂളിൽ കൃത്യമായി നടന്നു വരുന്നു.

എസ്.എസ്.എൽ.സി./ഹയർ സെക്കന്ററി തലത്തിൽ ഉന്നതവിജയം കൈവരിക്കാൻ ഈ വിദ്യാലയ ത്തിന് സാധിച്ചു. പഠന-പാഠ്യേതര വിഷയങ്ങളിലും ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മികവ് പുറർത്തുന്നു. കലോത്സവത്തിലും കായിക രംഗത്തും ഈ വിദ്യാലയത്തിന്റെ പ്രാതിനിധ്യം ഉ ായിട്ടു ്. ശാസ്ത്രക്ലാസ്സുകൾ മികച്ചതാക്കാനായി ഒരു മികവാർന്ന ശാസ്ത്രപാർക്ക്

പ്രവർത്തിച്ചുവരുന്നു. സയൻസ്, സോഷ്യൽ സയൻസ്, ഗണിതം എന്നിവ ക ു൦ പരീക്ഷിച്ചും പഠിക്കാവുന്ന ലാബുകൾ സജ്ജീകരിച്ചിട്ടു ്. അധ്യയന വർഷത്തെ മികച്ച പഠനപ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊ ് വിവിധ ഘട്ടങ്ങളിലായി നടത്തിയ പഠനോത്സവം സാമൂഹിക പങ്കാളിത്തത്തോടെ മികവുറ്റ പ്രവർത്തനമാക്കി മാറ്റാൻ സാധിച്ചു.

സി.ഡബ്ലിയു.എസ്.എൻ. വിദ്യാർത്ഥികൾക്ക് ഈ വിദ്യാലയം പ്രത്യേക പരിഗണന നൽകി പോരുന്നു.പ്രത്യേക റിസോഴ്സ് സെന്റർ ഈ സ്കൂളിൽ സ്ഥിതി ചെയ്യുന്നു. ഈ വിദ്യാർത്ഥികൾക്ക് വിവിധ തെറാപ്പികളും വ്യക്തിഗത പരിശീലനങ്ങളും നൽകുന്നതിൽ ഈ വിദ്യാലയം മുന്നിട്ടു നിൽക്കുന്നു. യു.പി. തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള മികച്ച അദ്ധ്യായനം ഈ വിദ്യാലയത്തെ മികച്ച നിലവാരത്തിലെത്തിച്ചിരിക്കുന്നു വിദ്യാർത്ഥികൾക്കാവശ്യമായ ചിത്രകല, ക്രാഫ്റ്റ് വർക്ക് എന്നിവയിലും ഈ വിദ്യാലയം പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു.

| | | |
|---|---|---|
| 1. | അദ്ധ്യാപകർ | 9 |
| 2. | അനദ്ധ്യാപകർ | 5 |
| 3. | മൊത്തം വിദ്യാർത്ഥികൾ | 89 |
| 4. | ക്ലാസ്സ് മുറികൾ | 12 |
| 5. | സി.ഡബ്ലിയു.എസ്.എൻ.വിദ്യാർത്ഥികൾ | 10 |

## ലക്ഷ്യങ്ങൾ

1. ഒന്നുമുതൽ പന്ത്ര ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ ഓരോ ക്ലാസ്സിലും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും നേടിയിട്ടു ്. എന്ന് ഉറപ്പ് വരുത്തുകയും പഠന വികാസത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുകയും ചെയ്യുക.
2. വിദ്യാർത്ഥികളുടെ കഴിവുകൾ ക ത്തി, ഏറ്റവും ഉയർന്നതലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചുകൊ ് രക്ഷിതാക്കൾക്ക് അവബോധം നൽകുക.
3. ക്യാമ്പസ്, ഒരു പാഠപുസ്തകം എന്ന കാഴ്ച്ചപ്പാടിലേക്ക് എത്തിക്കുക.
4. ലൈഫ് ദൗത്യം ഏറ്റെടുത്ത് നടത്തുക

## പഠനനേട്ടങ്ങൾ

1. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം
2. സ്കൂൾ തല സാഹിത്യ പരിപോഷണ പരിപാടി
3. ശാസ്ത്രോത്സവം/ശാസ്ത്രമേളകൾ, പി.ടി.എ. യോഗങ്ങൾ
4. യുവജനോത്സവം/ ഭാഷാപരിപോഷണ പരിപാടികൾ
5. രക്ഷാകതൃ പരിശീലന പരിപാടി
6. കഥയരങ്ങ്, കവിയരങ്ങ്, സ്കൂൾ വാർഷികം

| മികവുകൾ നേട്ടങ്ങൾ | |
|---|---|
| **നടപ്പുവർഷം** | **മുൻവർഷങ്ങളിൽ** |
| • പ്രധാനദിനാചരണങ്ങൾ | • പത്രം പ്രസിദ്ധീകരിക്കൽ |
| • മാഗസിൻ പ്രകാശനങ്ങൾ | • ശതാബ്ദി ആഘോഷം |
| • നൈപുണ്യ പരിശീലനം | • പൂർവ്വവിദ്യാർത്ഥി സംഗമം |
| • Radio Station | • സുവനീർ പ്രകാശനം |
| • ഭവന സന്ദർശനം | • പ്രാദേശിക പി.ടി.എ. യോഗങ്ങൾ |
| • കംബോസ്റ്റ് നിർമ്മാണം, ഔഷധത്തോട്ട നിർമ്മാണം | • Radio Station. |
| • ശാസ്ത്രോത്സവം, വിജ്ഞാനോത്സവം | • ലഹരി വിരുദ്ധ പ്രവർത്തനം |
| • Digital സംവിധാനത്തിലൂടെ School Parliament Election | • Youtube Channel |
| • സ്കൂൾ കായിക മേള | • സംയുക്ത ഡയറി പ്രകാശനം |
| • വിജയോത്സവം | • Millet Food Fest |
| • പച്ചക്കറി തോട്ടം | • പഠനോത്സവം |
| • SSLC വിദ്യാർത്ഥികളുടെ അധികപഠന ക്ലാസ്സുകൾ | • SSLC വിദ്യാർത്ഥികളുടെ അധികപഠന ക്ലാസ്സുകൾ |
| • ശില്പശാലകൾ: രക്ഷിതാക്കൾക്ക് | • ശ്രദ്ധ ക്ലാസ്സുകൾ |
| • സ്കൂൾ പ്രവർത്തനങ്ങൾ സമൂഹ മാധ്യമ ങ്ങളിലൂടെ (Facebook, Youtube) | • LSS, USS, NMMS പരിശീലനം |
| • ശ്രദ്ധ ക്ലാസ്സുകൾ | • മാഗസിൻ പ്രകാശനം |
| • മാലിന്യ നിർമ്മാർജ്ജനപ്രവർത്തനം | • മുന്നേറ്റം |
| • സ്കൂൾ ചരിത്ര രചന | • ഭക്ഷ്യമേള |
| • Sadako കൊക്കുനിർമ്മാണ പരിശീലനം | • മേന്മ (ഗണിതപഠന ശാക്തീകരണം) |
| • ഭാഷാപോഷണ പരിപാടി | • CWSN Yoga Class for Model Inclusive Education |
| • മുന്നേറ്റം: മലയാളം, ഗണിതം | • ബഡ്ഡിംഗ് റൈറ്റേഴ്സ് |
| • എൻവിയോൺമെന്റ് എജുക്കേഷൻ പ്രോഗ്രാം (E E P)<br>• എനർജി മാനേജ്മെന്റ് സെന്റർ (E M C)<br>• വിദ്യാലയ ജാഗ്രത സമിതി (സ്കൂൾ ബ്രിഗേഡ് വിമുക്തി ക്ലബ് )<br>• പ്രതിദ്വിന ക്വിസ് പ്രോഗ്രാം വിദ്യാലയം വിജയിയെ തേടുന്നു (വിന്നർ ഓഫ് ദ ഡേ) | • എൻവിയോൺമെന്റ് എജുക്കേഷൻ പ്രോഗ്രാം (E E P)<br>• എനർജി മാനേജ്മെന്റ് സെന്റർ (E M C)<br>• വിദ്യാലയ ജാഗ്രത സമിതി (സ്കൂൾ ബ്രിഗേഡ് വിമുക്തി ക്ലബ് )<br>• വിദ്യാലയം വിജയിയെ തേടുന്നു (വിന്നർ ഓഫ് ദ ഡേ) |

| | |
|---|---|
| • പേപ്പർ ഫയൽ നിർമ്മാണം,എൻവലപ്സ്<br>• നിർമ്മാണം (waste പേപ്പർ ഉപയോഗിച്ച് )<br>• സ്കൂൾ സോഷ്യൽ സർവീസ് സ്കീം (SSSS)<br>• റിസോഴ്സ് റൂം<br>• ഗണിത ലാബ്<br>• സാമൂഹികം<br>• ക്ലീനിങ് ലോഷൻ നിർമ്മാണം, LED Bulb നിർമ്മാണം,Star നിർമാണം, Wiring പ്രാക്ടീസ് , ഫാബ്രിക് പെയിന്റിംഗ്, ചിത്ര തുന്നൽ, വെജിറ്റബിൾ പ്രിന്റിംഗ്. | • പേപ്പർ ഫയൽ നിർമ്മാണം എൻവലപ്സ്<br>• നിർമ്മാണം (waste പേപ്പർ ഉപയോഗിച്ച് )<br>• സ്കൂൾ സോഷ്യൽ സർവീസ് സ്കീം (SSSS)<br>• ക്ലീനിങ് ലോഷൻ നിർമ്മാണം<br>• LED Bulb നിർമ്മാണം,Star നിർമാണം, Wiring പ്രാക്ടീസ് , ഫാബ്രിക് പെയിന്റിംഗ്, ചിത്ര തുന്നൽ, വെജിറ്റബിൾ പ്രിന്റിംഗ് |

| പ്രവർത്തന കല ർ | |
|---|---|
| **ജൂൺ** | പ്രവേശനോത്സവം, പരിസ്ഥിതി ദിനം, ശില്പശാല, ബാലവേല വിരുദ്ധദിനം, വായനദിനം, അന്താരാഷ്ട്ര യോഗദിനം, ലഹരിവിരുദ്ധദിനം, വായന പക്ഷാചാര സമാപനവും വിവിധ ക്ലബ്ബ് ഉദ്ഘാടനവും. |
| **ജൂലായ്** | ബഷീർ ചരമദിനം, ബഡ്ഡിംഗ് റൈറ്റേഴ്സ്, കഥ ഉത്സവം, ലോക ജനസംഖ്യാദിനം, ചാന്ദ്രദിനം ഗണിതലാബ് പ്രവർത്തനങ്ങൾ, "മുന്നേറ്റം" മഞ്ചാടി സഞ്ചി. പ്രേംചന്ദ് ദിനം. |
| **ആഗസ്റ്റ്** | ഹിരോഷിമ നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാ ദിനം, മാഗസിൻ നിർമ്മാണം, ശാസ്ത്രലാബ്, കർക്കിടക കഞ്ഞി, സ്വാതന്ത്ര്യദിനം, കർഷക ദിനം, പത്തില , ദശപുഷ്പം പ്രദർശനം, വര ഉത്സവം, ദേശീയ കായിക ദിനം, ശാസ്ത്രമേള (സ്കൂൾ തലം), കൗമാര വിദ്യാഭ്യാസം. |
| **സെപ്തംബർ** | അദ്ധ്യാപക ദിനം, ഓണാഘോഷം, യൂത്ത് ഫെസ്റ്റിവൽ, ഓസോൺ ദിനം, സംസ്കൃത ദിനം, നൈപുണ്യ പരിശീലനം. |
| **ഒക്ടോബർ** | ഗാന്ധിജയന്തി, സേവനവാരം, സ്പോർട്സ് ദിനം, പുസ്തകവ ി, എ.പിജെ. ദിനം, ലോകഭക്ഷ്യദിനം. |
| **നവംബർ** | ഭരണഘടനാദിനം, ശലഭോദ്യാനം, സി.വി.രാമൻദിനം, കേരളപ്പിറവി ദിനം, ശിശുദിനം, പഠനയാത്രകൾ, സെമിനാർ, ചർച്ചാക്ലാസ്സുകൾ, ലോകപ്രമേഹദിനം, സ്റ്റെപ്സ് എക്സാം. |
| **ഡിസംബർ** | ലോക എയ്ഡ്സ് ദിന ബോധവത്ക്കരണം/ലോകഭിന്നശേഷി ദിനം, മനുഷ്യാവകാശദിനം, ദേശീയ ഊർജ്ജ സംരക്ഷണ ദിനം. |

| | |
|---|---|
| **ജനുവരി,<br>ഫെബ്രുവരി** | റിപ്പബ്ലിക്ക് ദിനം, ഇംഗ്ലീഷ് ഫെസ്റ്റ്, ഫുഡ് ഫെസ്റ്റ്, ക്രാഫ്റ്റ് ഫെസ്റ്റ്, വാനനിരീക്ഷണം, മെഡിക്കൽ ക്യാമ്പ്. പഠനോത്സവം, ദേശീയ ശാസ്ത്രദിനം, മെഡിക്കൽ ക്യാമ്പ് |

| **അക്കാദമിക പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ** | | |
|---|---|---|
| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
| • ഭാഷാശേഷി വികസനം | **കളിസ്ഥലം** | • പി.ടി.എ. ശക്തിപ്പെടുത്തുക |
| • ഗണിതശേഷി വികസനം | • ക്ലാസ് മുറികൾ | • വിദ്യാലയ വികസന സമിതി |
| • ഇംഗ്ലീഷ് പഠന പുരോഗതി | • ആഫീസ് മുറി | • പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • ലൈബ്രറി-ലാബ് ശാക്തീകരണം | • കമ്പ്യൂട്ടർ റൂം | • വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| • ജൈവ-വൈവിധ്യ പാർക്ക് | • ലൈബ്രറി | • പഠനകൂട്ടം |
| • വായനകളരി | • ഡൈനിംഗ് ഹാൾ | • ഭവന സന്ദർശനം |
| • നാടക കളരി | • അടുക്കള | • ഗ്രന്ഥശാലകൾ |
| • പഠനയാത്രകൾ | • ടോയ്‌ലറ്റ് സൗകര്യം | • വ്യാവസായിക കേന്ദ്രങ്ങൾ |
| • ചർച്ച ക്ലാസ്സുകൾ | • ലബോറട്ടറി | • പ്രാദേശിക പി.ടി.എ. |
| • സെമിനാറുകൾ | • കുടിവെള്ള വിതരണം | • സ്കൂൾ ജാഗ്രത കമ്മിറ്റി |
| • അഭിമുഖങ്ങൾ | • സ്മാർട്ട് റൂം | • സ്കൂൾ എസ്.പി.ജി. |
| • രചനാ ശില്പശാല | • കമ്പ്യൂട്ടർ പരിശീലനം | • എസ്.ആർ.ജി. ഗ്രൂപ്പ് |
| • പ്രവർത്തി പരിചയമേള | | ഹോം ലൈബ്രറി: പുസ്തക ശേഖരണം |
| • ഒറിഗാമി ശില്പശാല | | |
| • എസ്.ആർ.ജി. ശാക്തീകരണം | | |
| • ക്ലബ്ബ് പ്രവർത്തനങ്ങൾ | | |
| • കൈയ്യെഴുത്ത് മാസിക | | |
| • ആനുകാലികങ്ങൾ | | |
| • പത്രങ്ങൾ, പത്രപാരായണം | | |
| • അടിക്കുറിപ്പ് മത്സരങ്ങൾ | | |
| • പച്ചക്കറിത്തോട്ടം | | |

| | | |
|---|---|---|
| • കായിക പഠനം | | |
| • അക്ഷര കളരി<br>• യുവജനോത്സവം<br>• വിദ്യാരംഗം<br>• നൈപുണ്യ വികസനം<br>• ഭൗതികം | | |

## പ്രവർത്തനം -1 - മാതൃഭാഷ, രാഷ്ട്രഭാഷ

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു, എഴുതുന്നു.
2. എല്ലാ കുട്ടികളും ഓരോ പ്രായത്തിനും അനുയോജ്യമായ വിധം മികച്ച ആശയവിനിമയം നേടുന്നതിന് ശേഷി നേടി എന്ന് ഉറപ്പ് വരുത്തുക.
3. കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുക, ഒപ്പം ആശയങ്ങൾ വിവിധ രൂപത്തിൽ ആവിഷ്ക്കരിക്കുക.
5. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
6. വിദ്യാർത്ഥികളിൽ നേതൃത്വ പാടവസ്വഭാവം വളർത്തിയെടുക്കുക.
7. സംഘബോധവും നൈതികതയും ധാർമ്മികതയും വളർത്തി എടുക്കുക.

## മാതൃഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായ വായന | ക്ലാസ് മുറികളിൽ വായിക്കാൻ അവസരം ഒരുക്കുക | നിരന്തരം | വിദ്യാരംഗം | - |
| കുട്ടികളുടെ അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ യിൽ നിന്നും എല്ലാ ക്ലാസ്സു കളിലേക്കും സ്പീക്കറുകളിലേക്ക് കണക്ട് ചെയ്യുക കുട്ടികളുടെ സർഗ്ഗാത്മക രചനകൾ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി. | Rs. 20,000/- പി.ടി.എ. സ്പോൺസർ ഷിപ്പ് |
| സെമിനാർ | വിവിധ ഗ്രൂപ്പുകളായി തിരിച്ച് വിഷയാവതരണം | മാസത്തിലൊരിക്കൽ | മലയാളം അധ്യാപകർ | പി.ടി.എ. Rs. 500/- |
| കലാവാസനകളെ പരിപോഷിപ്പിക്കൽ | **കുട്ടികളുടെ രംഗവേദികൾ**<br>പാഠഭാഗത്തെ ആസ്പദമാക്കി നാടകങ്ങൾ അവതരിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക. ക്യാമ്പ് സംഘടിപ്പിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്. ആർ. ജി. വിദ്യാരംഗം | Rs. 5000/- വിവിധ സ്ഥാപനങ്ങളുടെ സംഭാവന |
| പതിപ്പ് തയ്യാറാക്കുക. കുട്ടികളുടെ രചനകളെ പ്രോത്സാഹിപ്പിക്കുക. | വിവിധ രചനകളെ ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക | വർഷത്തിൽ ര ് തവണ | വിദ്യാരംഗം | പി.ടി.എ. Rs. 500/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ മികച്ച രചനകളെ കെ ത്തുക. | രചനകളെ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ്.ഐ.ടി.സി. | വികസന സമിതി Rs. 2000/- |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കുക.<br>ദിനാചരണങ്ങൾ<br>വിവിധ ശേഷികളുടെ വികസനം | രചന ശില്പശാല<br>ബഡ്ഡിംഗ് റൈറ്റേഴ്സ് (കഥയരങ്ങ്, കവിയരങ്ങ്) ശില്പശാല എന്നിവ സംഘടിപ്പിക്കുക. | ര ുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാ-സാഹിത്യ വേദി | പി.ടി.എ. Rs.10,000/- |
| വായനസൗഹൃദം<br>ദിനാചരണങ്ങൾ<br>വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എസ്. ആർ.ജി.യിൽ രേഖപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു.<br>പുസ്തകവായനക്കുശേഷം ക്ലാസ്സുകളിൽ അവതരണം | ര ുമാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാ-സാഹിത്യ വേദി | S.S.K P.T.A Rs. 3000/- |
| ഗ്രന്ഥശാല ശാക്തീകരണം | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രേഖപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം ആവശ്യാനുസരണം | എസ്.ആർ.ജി. | S.S.K P.T.A |
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കുക. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കെ ത്തുക. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് കാറ്റ്ലോഗ് വിതരണരജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കുക. | | എച്ച്.എം., പി.ടി.എ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | അഭിമുഖങ്ങൾ<br>സെമിനാറുകൾ | | | |
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യ കാരന്മാരുമായി അഭിമുഖങ്ങൾ നടത്തൽ. സാഹിത്യകാരന്മാരെ പങ്കെടുപ്പിച്ച് സെമിനാറുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ര ് പ്രാവശ്യം | പി.ടി.എ. | Rs. 5000/- വികസന സമിതി |
| പഠനയാത്രകൾ സംഘടിപ്പിക്കുക:- വിദ്യാർത്ഥികളിൽ അറിവ് വർദ്ധിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട യാത്രകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒരിക്കൽ | പി.ടി.എ. | സാന്ദർഭികം |
| സർഗ്ഗസല്ലാപം:- ഭാഷയുടെ വിവിധ ശേഷികളിൽ മികവ് നേടും. | പ്രാദേശികമായി ലഭ്യമാകുന്ന സാഹിത്യകാരന്മാരെ സംഘടിപ്പിച്ച് അനുഭവങ്ങൾ പങ്കുവെക്കുക. | വർഷത്തിൽ ര ് പ്രാവശ്യം | പി.ടി.എ. | Rs.5,000/- ഒ.എസ്.എ. |
| **<u>ഇംഗ്ലീഷ്</u>**<br>ഇംഗ്ലീഷ് അസംബ്ലി എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനുള്ള ശേഷി നേടുക. | ആഴ്ചയിൽ ര ് ദിവസം അസംബ്ലി ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസ്സിലും ഇടവിട്ട് ചുമതല നൽകുക. | ആഴ്ചയിൽ ര ് പ്രാവശ്യം | ക്ലാസ് ടീച്ചർ | ----- |
| അർത്ഥപൂർണ്ണമായ വായന. | ക്ലാസ്സിൽ നിരന്തരം വായനക്ക് അവസരം നൽകുക. | ആഴ്ചയിൽ അഞ്ച് ദിവസം | ഇംഗ്ലീഷ് ടീച്ചർ | ----- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് ഡയറി**<br>കോപ്പീയിംഗ് | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി കൈവരിക്കുക | ഓരോ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങൾ ഡയറി കുറിക്കുക. | ഇംഗ്ലീഷ് ടീച്ചർ | ------ |
| **ഇംഗ്ലീഷ് ബുള്ളറ്റിൻ**<br>ഇംഗ്ലീഷിൽ സർഗ്ഗാത്മകരചന നടത്തുന്നതിനുള്ള ശേഷി നേടുക | ഓരോ ക്ലാസ്സും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കുക | പ്രതിമാസ പരിപാടി | എച്ച്.എം.<br>ഇംഗ്ലീഷ് അധ്യാപിക | Rs.5,000/-<br>പരസ്യത്തിലൂടെ |
| **ഇംഗ്ലീഷ് ഫെസ്റ്റ്**<br>അനായാസമായി ഇംഗ്ലീഷ് എഴുതുവാനും, വായിക്കാനും അറിയുക. | അവധിക്കാലത്ത് ഒരാഴ്ച സംഘടിപ്പിക്കുന്നു. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ ആയിരിക്കണം. | അവധിക്കാലം ഒരാഴ്ച | | |
| **ഇംഗ്ലീഷ് സെമിനാർ**<br>ഇംഗ്ലീഷ് കഴിവ് വർദ്ധിപ്പിക്കുക | **അഭിമുഖങ്ങൾ**<br>പ്രശസ്തരായ ഇംഗ്ലീഷ് എഴുത്തുകാരുമായി അഭിമുഖങ്ങൾ നടത്തുക, സെമിനാറുകൾ, റോൾ പ്ലേ സംഘടിപ്പിക്കുക. | വർഷത്തിൽ ര<br>പ്രാവശ്യം | എച്ച്.എം.<br>പി.ടി.എ.<br><br>ഇംഗ്ലീഷ് അധ്യാപകർ<br>എസ്.ആർ.ജി | Rs.2,000/-<br>ഒ.എസ്.എ.<br><br>Rs.3,000/-<br>വികസന സമിതി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **<u>ലൈബ്രറി ഉപയോഗപ്പെടുത്തുക</u>**<br>വിവിധ കലാകാരന്മാരേയും സാഹിത്യ കൃതികളെയും പരിചയപ്പെടാൻ അവസരം ലഭിക്കുന്നു. | ലൈബ്രറിയിലേക്ക് കൂടുതൽ കൂടുതൽ പുസ്തകങ്ങൾ സംഘടിപ്പിക്കുന്നു. ഇത് വായിക്കാൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു. | ജൂൺ മുതൽ ആഴ്ചയിൽ ഒരു ദിവസം | | |
| **<u>ദിനാചരണങ്ങൾ</u>**<br>വിവിധ ശേഷികൾ വർദ്ധിക്കുന്നു. | പ്രശസ്തരായ സാഹിത്യകാരന്മാരുടെ ജന്മദിനവുമായി ബന്ധപ്പെട്ട്- ജൂൺ മുതൽ ദിനങ്ങൾ ആചരിക്കുക. | പ്രതിമാസ പരിപാടി | | |
| **<u>ഇംഗ്ലീഷ് തിയ്യേറ്റർ</u>**<br>ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക രചനയ്ക്ക് ഉപയുക്തമാക്കുക.<br><br>**<u>ഗണിതമാഗസിൻ, ഗണിത</u>**<br>ഗണിത അഭിരുചി വളർത്തുക | **<u>ഗണിതം</u>**<br><br>**<u>ശാസ്ത്ര രചനകൾ:-</u>**<br>ഗണിത ക്രിയകൾ, ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ-മാഗസിൻ രൂപപ്പെടുത്തുക. | മാസത്തിൽ ഒരു പ്രാവശ്യം | | |
| **<u>ദിനാചരണങ്ങൾ</u>**<br>ഗണിതശേഷി വർദ്ധിപ്പിക്കുന്നു. | **<u>ക്ലബ്ബ് പ്രവർത്തനങ്ങൾ</u>**<br>ഓരോ ഗണിത ശാസ്ത്രകാരന്മാരുടേയും ജന്മദിനങ്ങളും മറ്റ് ദിനങ്ങളും സമയബന്ധിതമായി ആചരിക്കുക. | സമയബന്ധിതമായി | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കുക | പ്രൊജക്ടുകൾ സെമിനാറുകൾ<br><br>പ്രശസ്തരും വിദഗ്ധരുമായി സെമിനാറുകൾ സംഘടിപ്പിക്കുക. പ്രൊജക്ടുകൾ തയ്യാറാക്കുക. | 2 മാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി. Rs. 4000/- | ഒ.എസ്.എ. |
| ഗണിത അധികപഠനം ഗണിത പഠന പ്രവർത്തനം സുഗമമാക്കുക | ഗണിതലാബ് സജ്ജീകരിക്കൽ<br><br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ്, സജ്ജീകരിക്കൽ, ലാബിൽ ഗണിത ക്ലാസ്സ് നടത്തൽ. | | | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും, കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല<br><br>ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷി കൈവരിക്കൽ<br><br>പരിശീലനവും പ്രദർശനവും | ആവശ്യാനുസരണം | എസ്.ആർ.ജി. Rs. 2000/- | |
| പരിശീലനവും പ്രയോഗവും | ഗണിത പാർക്ക് ഗണിത ക്ലാസ്മുറി<br><br>ജ്യാമതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് നിർമ്മിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. Rs.1000/- | ഒ.എസ്.എ. |
| ഗണിതം മധുരമാക്കൽ | | ഒരു പ്രാവശ്യം | എസ്.ആർ.ജി. Rs.1000/- | ഒ.എസ്.എ. |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിൽ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും- ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് ശാസ്ത്ര | |
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തുക | ശാസ്ത്ര പ്രദർശനങ്ങൾ<br>ശാസ്ത്ര ജേർണൽ<br>(ശാസ്ത്രരംഗം<br>ശാസ്ത്രത്തിന്റെ രീതി, ശാസ്ത്രത്തിന്റെ അനിവാര്യത | എസ്.ആർ.ജി.യുടെ സാന്ദർഭികം | | |
| ശാസ്ത്രത്തെ പരിചയപ്പെടുത്തുക. പുതിയ രചനയ്ക്ക് പ്രാപ്തരാക്കുക. | ശാസ്ത്ര മാഗസിൻ-ശാസ്ത്രത്തെക്കുറിച്ചുള്ള രചനകൾക്ക് പ്രോത്സാഹനം | ദ്വൈമാസികം | ശാസ്ത്രക്ലബ്ബ് | Rs. 1000/-<br>പി.ടി.എ |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക. | സ്കൂൾ തല ശാസ്ത്രമേള എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | ശാസ്ത്രക്ലബ്ബ് | Rs.10,000/-<br>സി.എസ്.ആർ. |
| ശാസ്ത്രം പഠനം രസകരമാക്കൽ | പഠനയാത്രകൾ<br>കുസാറ്റിലെ ശാസ്ത്രസമൂഹകേന്ദ്രം. ശാസ്ത്രപ്രദർശനങ്ങൾ - ശാസ്ത്രകേന്ദ്രങ്ങൾ സന്ദർശിക്കുക. | വർഷത്തിൽ ഒരിക്കൽ | എച്ച്.എം.ശാസ്ത്ര അദ്ധ്യാപകർ | Rs.20,000/-<br>സ്പോൺസർഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രതിഭകളായ വിദ്യാർത്ഥികൾക്ക് മികച്ച ക്ലാസ്സുകൾ നൽകൽ<br><br>ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സംവാദങ്ങൾ സെമിനാറുകൾ<br>ശാസ്ത്രത്തിൽ മികച്ച നിലവാരം പുലർത്തുന്നു. വിദ്യാർത്ഥികൾക്ക് നല്ല ക്ലാസ്സുകൾ നൽകുക. സംവാദങ്ങൾ സംഘടിപ്പിക്കുക<br><br>ശാസ്ത്രക്ലബ്ബ് പ്രവർത്തനങ്ങൾ<br>ശാസ്ത്രക്ലബ്ബ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക | അവധി ദിനങ്ങളിൽ<br><br>ദിനാചരണത്തിന് അനുസരിച്ച് | എസ്.ആർ.ജി.<br><br>സയൻസ് അദ്ധ്യാപകർ | Rs. 10,000/- എസ്.ഡി.സി. |
| **സാമൂഹ്യശാസ്ത്രം** | | | | |
| സാമൂഹ്യ ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക<br><br>സാമൂഹ്യ ശാസ്ത്ര പഠനത്തെ നേരിട്ട് അറിയുക<br><br>ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കുക | സാമൂഹ്യ ശാസ്ത്രലാബ് വിദ്യാലയത്തിലെ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരിക്കുക<br>പഠനയാത്രകൾ<br>സാമൂഹ്യമായ കാര്യങ്ങളെകുറിച്ച് പഠനയാത്രകൾ<br>മോക്ക് പാർലമെന്റ്<br>എല്ലാ രീതിയിലും തെരഞ്ഞെടുപ്പിന്റെ സ്വഭാവത്തിലൂടെ സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുക.<br><br>ഇടവേളകളിൽ മോക്ക് പാർലമെന്റ് നടത്തുക. | വർഷത്തിൽ ഒരു പ്രാവശ്യം<br><br>ത്രൈമാസികം<br><br>5 എണ്ണം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ<br><br>എസ്.ആർ.ജി.<br><br>എസ്.ആർ.ജി. | Rs.5,000/- പി.ടി.എ. .<br><br>Rs.20,000/- സ്പോൺസർഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര ബോധം തീക്ഷ്ണമായി ഉറപ്പിക്കുക | പ്രഭാഷണങ്ങൾ/ സെമിനാറുകൾ സാമൂഹ്യ ശാസ്ത്രത്തിൽ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് വിദഗ്ധരെ ക്കൊ ്വന്ന് പ്രഭാഷണങ്ങൾ നടത്തുക. | മാസത്തിൽ ഒരിക്കൽ | എച്ച്.എം. എസ്.ആർ.ജി. | Rs. 5000/- വികസന സമിതി |
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കുക പാഠഭാഗമായി ബന്ധപ്പെട്ട നാടക അവതരണ രീതി, ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുക | മാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി. ഹിന്ദി അദ്ധ്യാപകർ | |
| ഹിന്ദിയിൽ ആശയ വിനിമയവും തെറ്റുകൂടാതെ പറയാനും പ്രാപ്തരാക്കുക | ഹിന്ദി അസംബ്ലി എല്ലാം ഹിന്ദിയിൽ അവതരിപ്പിക്കുന്നു. ഹിന്ദി അധിക പഠന ക്ലാസ്സുകൾ നടത്തുക. | ആഴ്ചയിൽ ഒരിക്കൽ | എസ്.ആർ.ജി. ഹിന്ദി അദ്ധ്യാപകർ | Rs. 5000/- പി.ടി.എ |
| സംസ്കൃത പഠനം കാര്യക്ഷമമാക്കുക | സംസ്കൃതം സംസ്കൃതത്തിൽ പതിപ്പുകൾ തയ്യാറാക്കുക | എസ്.ആർ.ജി. മാസത്തിൽ ഒരിക്കൽ | സംസ്കൃത അദ്ധ്യാപകർ | Rs.5,000/- എസ്.ആർ.ജി. |
| സംസ്കൃത പഠനത്തിൽ പുരോഗതി നേടൽ | സെമിനാറുകൾ/ ചർച്ചാക്ലാസ്സുകൾ കുസാറ്റിലെ ശാസ്ത്രസമൂഹകേന്ദ്രം. ശാസ്ത്രപ്രദർശനങ്ങൾ - ശാസ്ത്ര കേന്ദ്രങ്ങൾ സന്ദർശിക്കുക. | വർഷത്തിൽ ര ുതവണ | എസ്.ആർ.ജി. സംസ്കൃത അദ്ധ്യാപകർ | Rs.50,000/- സ്പോൺസർഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ പരിചയപ്പെടുത്തുക<br><br>സാമൂഹ്യശാസ്ത്ര മേഖലകളെ പരിചയപ്പെടുത്തൽ | ബുള്ളറ്റിൻ ബോർഡ്<br>എല്ലാ വിദ്യാർത്ഥികൾക്കും വായിക്കാൻ കഴിയുന്ന തരത്തിൽ ഒരു വാർത്താ ബോർഡ് സ്ഥാപിക്കുക. വാർത്തകൾ പ്രദർശിപ്പിക്കുക<br><br>സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ സാമൂഹ്യ ശാസ്ത്ര രചനകളെ പരിചയപ്പെടുത്തുക. | എല്ലാ പ്രവർത്തി ദിനങ്ങളിലും<br><br>എല്ലാ ദിവസവും | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br><br>എസ്.ആർ.ജി. | Rs. 1000/-<br>പി.ടി.എ |
| **ചരിത്ര സംഭവങ്ങളെ അധികരിച്ചുള്ള നാടകങ്ങൾ / സിനിമ പ്രദർശനങ്ങൾ** | | | | |
| സാമൂഹ്യബോധവും സംഘാടകബോധവും വളർത്തുന്നു.<br><br>ദിനങ്ങളുടെ പ്രത്യേകതകൾ<br><br>സാമൂഹ്യശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | പാഠഭാഗത്തെ അധിഷ്ഠിതമാക്കി ഏതെങ്കിലും ചെറിയ ഭാഗങ്ങൾ നാടകമായി അവതരിപ്പിക്കുക; സിനിമ.<br>**ദിനാചരണങ്ങൾ**<br>വിവിധ വ്യക്തിത്വങ്ങളുടേയും പ്രത്യേക ദിനങ്ങളും ആചരിക്കുക.<br>**സാമൂഹ്യ ശാസ്ത്രമേളകൾ**<br>സാമൂഹ്യശാസ്ത്ര സംബന്ധിയായി ചാർട്ടുകൾ, ഭൂപടനിർമ്മാണം Working Models, Still Model എന്നിവ നിർമ്മിക്കുക. അത് പ്രദർശിപ്പിക്കുക. | മാസത്തിൽ ഒരിക്കൽ<br><br>ക്രമമനുസരിച്ച്<br><br>വർഷത്തിൽ ഒരിക്കൽ | എസ്.ആർ.ജി. സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br><br>എസ്.ആർ.ജി. & സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ<br><br>എസ്.ആർ.ജി. സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | Rs.5,000/-<br>ഒ.എസ്.എ.<br><br>Rs.50,000/-<br>പൂർവ്വവിദ്യാർത്ഥി സംഘടന |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗ ശേഷി വികസിപ്പിക്കുക | **<u>കഥയരങ്ങ്/കവയരങ്ങ്</u>** | ര ` മാസത്തിൽ ഒരിക്കൽ | സംസ്കൃത അദ്ധ്യാപകർ | |
| | അക്കാദമികം - പൊതു പ്രവർത്തനങ്ങൾ | വർഷത്തിൽ ഒരിക്കൽ | എച്ച്.എം. എം.പി.ടി.എ. | Rs.10,000/- |
| സ്കൂളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. | **<u>മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക</u>** | വർഷത്തിൽ ഒരിക്കൽ | എച്ച്.എം. പി.ടി.എ | |
| പച്ചക്കറി കൃഷിയിൽ പരിശീലനം | **<u>പച്ചക്കറിത്തോട്ടം</u>**<br>പച്ചക്കറിത്തോട്ടം നിർമ്മിക്കുക | നിരന്തരം | എസ്.ആർ.ജി. | Rs.5,000/- കൃഷിവകുപ്പ് |
| പ്രകൃതിയോട് അടുപ്പിക്കുക | **<u>ജൈവവൈവിധ്യപാർക്ക്</u>**<br>ജൈവവൈവിധ്യ പാർക്ക് സംഘടിപ്പിക്കുക | ഒരു പ്രാവശ്യം | എസ്.ആർ.ജി. | Rs.,25,000/- എസ്.ആർ.ജി. |
| സമൂഹത്തെ വിദ്യാലയത്തിലേക്ക് അടുപ്പിക്കുക | **<u>ക്ലാസ്സ് പി.ടി.എ. സജീവമാക്കുക</u>**<br>രക്ഷാകർത്താക്കളെ വിദ്യാലയത്തിലേക്ക് എത്തിക്കുക | വർഷത്തിൽ മൂന്ന് പ്രാവശ്യം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നല്ല ഭക്ഷണം വിദ്യാർത്ഥികൾക്ക് | **<u>ഉച്ചഭക്ഷണം</u>**<br>ഉച്ചഭക്ഷണം - വിപുലവും പോഷകവുമാക്കുക. നല്ല ഭക്ഷണം ലഭ്യമാക്കുക | ഒരു വർഷം | നൂൺ മീൽ കമ്മിറ്റി<br>എച്ച്.എം. | Rs.10,000/-<br>സി.എസ്.ആർ. |
| വായന വിപുലമാക്കുക | **<u>ജന്മദിനത്തിൽ ഒരു പുസ്തകം</u>**<br>ജന്മദിനത്തിൽ ഒരു പുസ്തകം നൽകുക | ഒരു വർഷം | എസ്.ആർ.ജി. | |
| ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക | **<u>ഇംഗ്ലീഷ് ക്ലാസ്സുകൾ</u>**<br><br>**<u>ഫുഡ്ഫെസ്റ്റ്</u>**<br>പഴയകാല ഭക്ഷണവും പുതിയ കാല ഭക്ഷണവും പരിചയപ്പെടുത്തുന്നു. | വർഷത്തിൽ ഒരിക്കൽ | പി.ടി.എ | അനുയോജ്യമായത്<br>ഒ.എസ്.എ |
| വിദ്യാർത്ഥികൾക്ക് മാനസികോല്ലാസം | **<u>കിഡ്സ് പാർക്ക്</u>**<br>കുട്ടികൾക്കായി പാർക്ക് ഒരുക്കുക<br>യോഗ /മെഡിറ്റേഷൻ ഹാൾ | ഒരുവർഷം | പി.ടി.എ | Rs.2,00,000/- |
| കമ്പ്യൂട്ടർ പഠനം സുഗമമാക്കുക. | **<u>കമ്പ്യൂട്ടർ ലാബ്</u>**<br>പ്രൈമറി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വിപുലമായ കമ്പ്യൂട്ടർലാബ് സൗകര്യം | വരുംവർഷങ്ങളിൽ | പി.ടി.എ | Rs.,3,00,000/-<br>എം.പി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം ശക്തമാക്കുക | **സ്കൂൾ മൈതാനം**<br>വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിന് മൈതാനം ഒരുക്കുക | വരും വർഷങ്ങളിൽ | | അനു യോജ്യമായത്<br>ജില്ലാ പഞ്ചായത്ത് |
| കുടിവെള്ളം സുലഭമാക്കുക | **കുടിവെള്ള സംരക്ഷണം**<br>കുടിവെള്ളം ഉറപ്പുവരുത്തുക | ഒരു വർഷം | | Rs.10,00,000/-<br>എം.പി.ഫ ʼ |
| ലളിത കലകളിൽ പ്രാവീണ്യം നേടുക | **കലാവിദ്യാഭ്യാസം**<br>ചിത്രരചന, നൃത്തം എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നൽകുക. | സർഗ്ഗവേള | | Rs.10,000/-<br>വികസന സമിതി |
| കായിക പരിശീലനം ശാസ്ത്രീയമാക്കുക | **കായിക പരിശീലനം**<br>രാവിലെയും, വൈകുന്നേരവും കായിക പരിശീലനം നൽകുക | ആഴ്ചയിൽ 3 ദിവസം | കായിക അദ്ധ്യാപകർ<br>പി.ടി.എ | Rs.,6,000/-<br>വികസന സമിതി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രോത്സാഹനം നൽകുക | **സമ്മാനങ്ങൾ നൽകി ആദരിക്കൽ**<br>സ്കൂൾതലം, ജില്ലാതലം, സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥി കളെ ആദരിക്കുന്നു. | വർഷത്തിൽ ഒരിക്കൽ | പി.ടി.എ | Rs.5,000/- പ്രാദേശിക സംഘടനകൾ |
| പൂർവ്വവിദ്യാർത്ഥി സംഗമം | **സാമൂഹികം**<br>പൂർവ്വ വിദ്യാർത്ഥികളെ സംഘടിപ്പിക്കുക, അവരുടെ കഴിവുകൾ വിദ്യാലയത്തിന് പ്രയോജനപ്പെടുത്തുക. | വർഷത്തിൽ ഒരിക്കൽ | എച്ച്.എം. പി.ടി.എ | |
| ലൈബ്രറി വിപുലമാക്കുക വിദ്യാർത്ഥികളും സമൂഹവും വിദ്യാലയവുമായി ബന്ധം ശക്തിപ്പെടുത്തുക | **പുസ്തക സമാഹരണം**<br>പ്രാദേശികമായി പുസ്തകങ്ങൾ സമാഹരിക്കുക | | എസ്.ആർ.ജി. ലൈബ്രറിയുടെ ചുമതലയുള്ള അദ്ധ്യാപകർ | |
| രക്ഷാകർത്താക്കളെ വിദ്യാലയവുമായി അടുപ്പിക്കുക.<br>വിദ്യാലയപ്രവർത്തനത്തിൽ സമൂഹത്തിന്റെ ആശയവിനിമയം | **പ്രാദേശിക പി.ടി.എ. യോഗങ്ങൾ, നവമാധ്യമങ്ങളിൽ പ്രസിദ്ധീകരണം**<br>വിദ്യാലയ വാർത്തകൾ ഉൾപ്പെടുന്ന | ര 3 മാസത്തിൽ ഒരിക്കൽ | എസ്.ആർ.ജി. | Rs.5,000/- ഒ.എസ്.എ. |
| വിദ്യാലയപരിസരത്തെ ഗ്രാമവീഥി ഹരിതാഭമാക്കാൻ ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക് ആകൃഷ്ടരാക്കുക. | **ഹരിതഗ്രാമം, കാരുണ്യകൈകൾ**<br>വിദ്യാലയത്തിന് ചുറ്റുമുള്ള വീഥികളിൽ ഔഷധികളും പൂച്ചെടികളും വെച്ച് പിടിപ്പിക്കലും, പരിലാളനയും. | ഒരു വർഷം | പി.ടി.എ. | |

**തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാം പഠിക്കുന്ന വിഷയങ്ങളിലൂടെ നേടുന്ന ആശയങ്ങളെ വിവിധ തൊഴിലുകൾക്കായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള ശേഷികൾ ആർജിക്കാനും നേടുന്ന ശേഷികളെ ജീവിതത്തിൽ യോജനപ്പെടുത്താനും ഉദ്ദേശിക്കുന്നു. കൈകൊണ്ട് പ്രവർത്തിക്കുക അതിനായുള്ള സജ്ജീകരണം ഒരുക്കുക സന്നദ്ധതയുണ്ടാവുക ഉപകരണങ്ങൾ സൂക്ഷ്മതയോടെ പ്രയോജനപ്പെടുത്തുക ലക്ഷ്യബോധത്തോടെ കഴിവുകൾ ഏകോപിപ്പിക്കുക .സാങ്കേതിക രംഗത്തെ തൊഴിൽ മേഖലകളിൽ ഉപയോഗിക്കുന്ന പണിയായുധങ്ങൾ പരിചയപ്പെടുത്തുന്നതിനും അത് ഉപയോഗിച്ച് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും അതുമൂലം ഇതര വിഷയങ്ങൾ കൂടുതൽ സ്വായത്തമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് പ്രാഥമികമായി കുട്ടികൾ പാലിക്കേ ണ്ടതും ശ്രദ്ധിക്കേണ്ടതും ആയ സുരക്ഷാ മുൻകരുതലുകൾ വിവിധതരത്തിലുള്ള പണിയായുധങ്ങൾ കൈകാര്യം ചെയ്യേണ്ടരീതി മുതലായവ വിശദമാക്കുക ഓരോ പണിയായി യുദ്ധത്തെ പറ്റിയും അവ നിർമിച്ചിട്ടുള്ള വസ്തുക്കൾ ഭാഗങ്ങൾ ഉപയോഗം കൈകാര്യം ചെയ്യുമ്പോൾ സംഭവിക്കാവുന്ന അപകടസാധ്യതകൾ അവ ദുരീകരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മുതലായവ വിശദീകരിക്കുന്നു. | പേപ്പർ ആൻഡ് കാർഡ്ബോർഡ് വർക്ക്, ഇന്റീരിയർ ഡെക്കറേഷൻ, മോൾഡിങ് പ്രോസസ്, മരപ്പണി, ഷീറ്റ് മെറ്റൽ വർക്ക്, പ്ലംബിംഗ്,ഫിറ്റിംഗ് വൈദ്യുത വയറിങ് ഇലക്ട്രോണിക്സ് എൻജിനീയറിങ് ഗ്രാഫിക്സ് എന്നിവയിൽ ആയിരിക്കും എഞ്ചിനീയറിങ് സ്കീമിലെ പരിശീലനം. കൂടാതെ കൃഷി ഭക്ഷ്യ വ്യവസായം വസ്ത്ര കല മാധ്യമങ്ങളും വിനോദങ്ങളും കരോക്കൗശലം പാഴ്വസ്തു പരിപാലനം പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറി ധനകാര്യം എന്നീ മേഖലകളും പരിചയപ്പെടുത്തു ന്നു | പ്രതിവർഷം | വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ | പൊതുവിദ്യാഭ്യാസ വകുപ്പ് പ്രതിവർഷം നൽകുന്ന ഫണ്ട്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ വിദ്യാർത്ഥിയിലും ഉള്ള കലാപരമായ വാസനകളും സവിശേഷമായ കഴിവുകളും തിരിച്ചറിയുക | സ്കൂളിലെ വിദ്യാർഥികളുടെ കലാപരമായ അഭിരുചികൾ കണ്ടെത്തി അവയ്ക്ക് അനുസൃതമായി പിടിഎ അംഗങ്ങളിൽ നിന്നോ പ്രാദേശിക സമൂഹത്തിൽ നിന്നോ അതത് കലാ ഇനങ്ങളിൽ പ്രാന്തല്ഭ്യം ഉള്ള വ്യക്തികളെ കണ്ടെത്തുക. ഇവരുടെ സഹായത്തോടെ പ്രത്യേക പരിശീലന ക്ലാസുകൾ ചിട്ടപ്പെടുത്തുക. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, പിടിഎ | പിടിഎ |
| വ്യക്തിഗത കലാ വികസനത്തിന് അവസരം നൽകുക | പ്രധാനപ്പെട്ട ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ലഘുവും എന്നാൽ സർഗാത്മകവുമായ കലാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. ഇത് കുട്ടികളുടെ കലാപരമായ കഴിവുകൾ പൊതുവേദികളിൽ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം അവർക്ക് നൽകുന്നു | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, പിടിഎ | പിടിഎ |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാപരമായ ആശയങ്ങളെ കണ്ടെത്തി അവ സ്കൂൾതലത്തിൽ അവതരിപ്പിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് വരുന്ന കലാപരമായ വിഷയങ്ങളെ അസംബ്ലിയിൽ അവതരിപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഓരോ വിദ്യാർത്ഥിയിലും ഉള്ള കലാപരമായ വാസനകളും സവിശേഷമായ കഴിവുകളും തിരിച്ചറിയുക | സ്കൂളിൽ നടക്കുന്ന വിവിധ കലാപരമായ പ്രവർത്തനങ്ങളിലൂടെ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക. അവരുടെ കഴിവുകൾക്കനുസരിച്ച് കലാമേളകളിൽ പങ്കെടുപ്പിക്കുവാൻ ആവശ്യമായ മുന്നൊരുക്കങ്ങളും പരിശീലനവും നൽകുക. | ജൂൺ - നവംബർ | ക്ലാസ് ടീച്ചർ,പിടിഎ | |
| **ആരോഗ്യ കായിക വിദ്യാഭ്യാസം** | | | | |
| എല്ലാ കുട്ടികളിലും മികച്ച ശാരീരിക ക്ഷമതയും ഊർജ്ജ സ്വലതയും ഉറപ്പുവരുത്തുക. | കുട്ടികളിൽ ഉൾക്കരുത്ത് വളർത്തുന്നതിനായി SSSS ന്റെ അഭിമുഖ്യത്തിൽ യോഗ പരിശീലനം നൽകുന്നു. | മാസത്തിൽ ഒന്ന് | അധ്യാപകർ, പിടിഎ | |
| വിദ്യാർത്ഥികളിൽ മാനസികമായ ഉൾക്കരുത്ത് വളർത്തുകയും അതുവഴി അവർക്ക് ഏത് ലക്ഷ്യങ്ങളും നേടാനുള്ള ആത്മവിശ്വാസം നൽകുകയും ചെയ്യുക. | കുട്ടികൾക്ക് ശാരീരിക ക്ഷമതയും ഊർജ്ജസ്വലതയും ഉറപ്പുവരുത്തുന്നതിനായി സുംബ പരിശീലനം നൽകുന്നു. | ഓരോ ക്ലാസിനും ആഴ്ചയിൽ ഒന്ന് വീതം. | | |
| വിദ്യാർഥികളിൽ ആരോഗ്യകരമായ ഭക്ഷണ ശൈലി രൂപപ്പെടുത്തുക | ഉച്ചഭക്ഷണ പദ്ധതിയിൽ കുട്ടികളുടെ ആരോഗ്യത്തിന് ആവശ്യമായ പോഷക ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഭക്ഷണ വിഭവങ്ങൾ തയ്യാറാക്കുന്നു. | വർഷം മുഴുവൻ | | |
| എല്ലാ കുട്ടികൾക്കും വിവേചനം ഇല്ലാതെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ പങ്കെടുക്കാനും കഴിവുകൾ വികസിപ്പിക്കാനും ഉള്ള തുല്യ അവസരങ്ങൾ ലഭ്യമാക്കുക. | സ്കൂൾ കായികമേളകളിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ നൽകുന്നു. | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ പിടിഎ | |
| സ്കൂൾ പരിസരം മാലിന്യമുക്തമാക്കാനും ആരോഗ്യകരമായ പഠനാന്തരീക്ഷം സൃഷ്ടിക്കാനും കഴിയുന്നു. | സ്കൂളിൽ ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരിക്കുന്നു. | വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ | |

| **പൊതുപ്രവർത്തനങ്ങൾ.** | | | | |
|---|---|---|---|---|
| സ്കൂളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു | മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക | വർഷത്തിലൊരിക്കൽ | എച്ച് എം, പിടിഎ | |
| പച്ചക്കറി കൃഷിയിൽ പരിശീലനം | അടുക്കളത്തോട്ടം നിർമ്മിക്കുക | നിരന്തരം | SSSS, SEED ക്ലബ് | 2000/- |
| സമൂഹത്തെ വിദ്യാലയത്തിലേക്ക് അടുപ്പിക്കുക | ക്ലാസ് പിടിഎ സജീവമാക്കുക, രക്ഷാകർത്താക്കളെ വിദ്യാലയത്തിലേക്ക് എത്തിക്കുക | വർഷത്തിൽ മൂന്ന് പ്രാവശ്യം | | |
| നല്ല ഭക്ഷണം വിദ്യാർത്ഥികൾക്ക് | ഉച്ചഭക്ഷണം വിപുലവും പോഷക സമ്പുഷ്ടവും ആക്കുക | വർഷം മുഴുവൻ | നൂൺ മീൽ കമ്മിറ്റി, എച്ച് എം | 10000/- |
| ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക | ഇംഗ്ലീഷ് ക്ലാസുകൾ | ഇംഗ്ലീഷ് അധ്യാപകർ | | |
| ഭക്ഷണവൈവിധ്യം തിരിച്ചറിയൽ | ഫുഡ് ഫെസ്റ്റ് നടത്തുന്നു. പഴയകാല ഭക്ഷണവും പുതിയകാല ഭക്ഷണവും പരിചയപ്പെടുത്തുന്നു | വർഷത്തിലൊരിക്കൽ | | |
| കമ്പ്യൂട്ടർ പഠനം സുഖമമാക്കുക | പ്രൈമറി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വിപുലമായ കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ | വർഷം മുഴുവൻ | അധ്യാപകർ, പിടിഎ | |
| കുടിവെള്ളം സുലഭമാക്കുക | ശുദ്ധമായ കുടിവെള്ളം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു | വർഷം മുഴുവൻ | പിടിഎ | |
| ജീവിത നൈപുണികളിൽ പ്രാവീണ്യം നേടുക | വയറിങ്, പേപ്പർ ഫയൽ നിർമ്മാണം,എൽഇഡി ബൾബ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുക | സർഗ്ഗ വേള | വർക്ക് ഇൻസ്ട്രക്ടർ | 5000/- |

**ഉപസംഹാരം**

വരുംവർഷങ്ങളിൽ വിദ്യാലയത്തിന്റെ സമഗ്രമായ വികസനത്തിന് ഉപയുക്തമാകേ മാർഗ്ഗരേഖകളാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ചേർത്തിരിക്കുന്നത്. വിദ്യാലയത്തിന് വരുംവർഷങ്ങളിൽ വിജയത്തിന്റെ പാത യിൽ മുന്നേറാൻ അവസരം ഒരുക്കും എന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

